"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കോട്ടയം ജില്ലാപഞ്ചായത്തിലെ ജനപ്രതിനിധികളും ഡി പി സി സർക്കാർ പ്രതിനിധികളും ആസാമിലെ പഞ്ചായത്തീരാജ് സംവിധാനങ്ങളെക്കുറിച്ച് മനസിലാക്കുന്നതിനും ഗുഹാവത്തി SIRD സന്ദർശിക്കുന്നതിനും നടത്തിയ യാത്രയുടെ അധിക ചെലവ്, തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഇഎം) വകുപ്പ്

സ.ഉ.(സാധാ) നം.1442/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 03/08/2020

പരാമർശം:- 1 കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 29/10/2019 ലെ കത്ത്
2 സർക്കാർ കത്ത് നം. ഇഎം2/389/2019 തീയതി 19/11/2019
3 കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിന്റെ 26/11/2019 ലെ കത്ത്
4 1/6/2020-ലെ പഞ്ചായത്ത് ഡയറക്ടറുടെ PAN/926/2020-J3(DP) നമ്പർ കത്ത്.

ഉത്തരവ്

കോട്ടയം ജില്ലാപഞ്ചായത്തിലെ ജനപ്രതിനിധികൾക്കും, ഡി പി സി സർക്കാർ പ്രതിനിധികൾക്കും ആസാമിലെ പഞ്ചായത്തീരാജ് സംവിധാനങ്ങളെക്കുറിച്ച് മനസിലാക്കുന്നതിനും ഗുഹാവത്തി SIRD സന്ദർ ശിക്കുന്നതിനും 2019 ഡിസംബർ 3 മുതൽ 8 വരെ നടത്തിയ പഠന സന്ദർശന പരിപാടിയുമായി വിമാന യാത്ര നടത്തിയതിനെത്തുടർന്നുണ്ടായ അധിക ചെലവ് തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് അനുമതിക്കായി സർക്കാരിൽ പരാമർശം (1) പ്രകാരം അപേക്ഷിക്കുകയുണ്ടായി. എന്നാൽ പരാമർശം (2) പ്രകാരം ആയത് നിരസിക്കുകയുണ്ടായി.

2. പഞ്ചായത്ത് ഡയറക്ടർ, പരാമർശം (4) പ്രകാരം നൽകിയ കത്തിൽ 17 പേരാണ് ആസാമിലേക്ക് യാത്ര ചെയ്യുന്നതെന്നും *സമയം ലാഭിക്കുന്നതിനായാണ്* യാത്ര വിമാനത്തിലാക്കിയതെന്നും ഇതുമൂലം ഉണ്ടായിട്ടുള്ള അധിക ചെലവ് മൊത്തം 1,57,590/- രൂപയാണെന്നും അറിയിക്കുകയും ചെയ്തു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കോട്ടയം ജില്ലാപഞ്ചായത്തിലെ ജനപ്രതിനിധികളും ഡി പി സി സർക്കാർ പ്രതിനിധികളും ആസാമിലെ പഞ്ചായത്തീരാജ് സംവിധാനങ്ങളെക്കുറിച്ച് മനസിലാക്കുന്നതിനും ഗുഹാവത്തി SIRD സന്ദർശിക്കുന്നതിനും 2019 ഡിസംബർ 3 മുതൽ 8 വരെ നടത്തിയ പഠന സന്ദർശന പരിപാടിയിൽ, വിമാന യാത്ര മൂലമുണ്ടായ അധിക ചെലവ് 1,57,590/- രൂപ (ഒരു ലക്ഷത്തി അൻപത്തിയേഴായിരത്തി അഞ്ഞൂറ്റി തൊണ്ണൂറു രൂപ) തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുനിത ഐ
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി / പ്രസിഡണ്ട് , ജില്ലാ പഞ്ചായത്ത്, കോട്ടയം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശ സ്വയം ഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് (വെബ്& ന്യൂ മീഡിയ)വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള ഓഡിറ്റ് വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ